**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 308** **18.03.2013 - ൽ മറുപടിയ്ക്ക്**

## ചെക്ക് തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. ബേബി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കശുവണ്ടി തൊഴിലാളിയുടെ ഭർത്താവ് ഗൾഫിൽ നിന്നും തപാൽ മാർഗ്ഗം ഭാര്യയ്ക്ക് അയച്ച ചെക്ക് ഫെഡറൽ ബാങ്കിന്റെ കൊല്ലം ശാഖയിൽ മാറി രൂപ തട്ടിയെടുത്ത കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച് അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ ക്രൈം 1255/2012 u/s. 419,420, 403 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതിയെ തിരിച്ചറിഞ്ഞിട്ടില്ല. |
| (ബി) | സമാനമായി കടയ്ക്കൽ, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ആരെയെങ്കിലും ഇതുവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. എറണാകുളം ജില്ലയിൽ രജിസ്റ്റർ ചെയ്ത 4 കേസുകളിലായി 3 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കടയ്ക്കലിൽസമാനമായ സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തതിൽ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ; | (സി) | ആകെ 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസുകളിൽ 9 പേരെ അറസ്റ്റു ചെയ്തിട്ടുള്ളതുമാണ്. |
| (ഡി) | മുകളിൽ സൂചിപ്പിച്ച കേസുകളിലെ നാളിതുവരെയുള്ള അന്വേഷണ പുരോഗതി ലഭ്യമാക്കുമോ? | (ഡി) | മേൽപ്പറയുന്ന കേസുകളിൽ എട്ട് എണ്ണത്തിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകളിൽ ശാസ്ത്രീയമായ തെളിവുശേഖരണം ഉൾപ്പെടെയുള്ള ഊർജ്ജിത അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ